**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5034** **27.06.2019-ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോ യാത്രക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ബി.സത്യൻ<br>ശ്രീ. എ. പ്രദീപ്കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| കൊച്ചി നഗരത്തിലേ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി നിർമ്മിച്ച കൊച്ചി മെട്രോയിൽ നിലവിലുള്ള ശരാശരി പ്രതിദിന യാത്രക്കാർ എത്രയാണെന്ന് അറിയിക്കാമോ; ഇതിന്റെ പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന ടിക്കറ്റിതര വരുമാനമാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി നിർമ്മിച്ച കൊച്ചി മെട്രോയിൽ 2019 മെയ് മാസത്തിലെ കണക്കുകൾ പ്രകാരം ഏകദേശം 42,327 യാത്രക്കാർ പ്രതിദിനം യാത്ര ചെയ്യുന്നുണ്ട്.<br>പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിന് കൊച്ചി മെട്രോ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ ടിക്കറ്റിതര വരുമാനമാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. മെട്രോ തൂണുകളിലും മീഡിയനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം ലൈസൻസ് മുഖാന്തിരം നൽകുക.<br>2. സ്റ്റേഷനുകൾക്കുള്ളിലും പുറത്തും, അതുപോലെ ട്രെയിനുകൾക്കുള്ളിലും പുറത്തും പരസ്യം ചെയ്യുവാനുള്ള അവകാശം നൽകുക.<br>3. QR ടിക്കറ്റുകൾക്ക് മറുപുറത്ത് പരസ്യം നൽകുന്നതിനുള്ള അവകാശം നൽകുക.<br>4. മെട്രോ സ്റ്റേഷനുകളുടെ പേരിനൊപ്പം സ്ഥാപനങ്ങളുടെ പേരുകൾ ചേർത്ത് പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം നൽകുക.<br>5. സ്റ്റേഷനുകളിലുള്ള സ്ഥലസൗകര്യം വാണിജ്യാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുക.<br>6. സ്റ്റേഷനുകൾക്കുള്ളിലുള്ള ഓഫീസിനുപയുക്തമായ സ്ഥലം വാടകയ്ക്ക് നൽകുക.<br>7. ടെലികോം ടവറുകൾ സ്ഥാപിക്കുവാൻ സ്ഥലം നൽകുക.<br>8. കാർ പാർക്കിംഗിനുള്ള സൗകര്യം വാടകയ്ക്ക് നൽകുക.<br>9. സ്റ്റേഷനുകളുടെ അകത്ത് ബാങ്കുകളുടെ ATM സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യം നൽകുക. |

| | |
|---|---|
| | 10. സ്റ്റേഷനുകളിലും, ട്രെയിനുകളിലും സിനിമ മുതലായ ദൃശ്യ ചിത്രികരണം ചെയ്യുവാനുള്ള സൗകര്യം നൽകുക.<br>11. പനമ്പിള്ളി നഗറിൽ കാർ പ്രദർശനത്തിനുള്ള അനുമതി നൽകുക.<br>12. വയഡക്ടിനു താഴെയുള്ള മീഡിയനുകൾ സ്പോൺസർഷിപ്പ് മുഖേന സൗന്ദര്യവൽകരിക്കുന്നത്.<br>13. പോഷക സർവ്വീസുകൾ നടപ്പിലാക്കുന്നത് മുഖാന്തിരം കൂടുതൽ യാത്രക്കാരെ ആകർഷിക്കുക. |

**സെക്ഷൻ ഓഫീസർ**